# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1386 — 13/06/2014-ൽ മറുപടിക്ക്

**പൈതൃക സ്വത്തുക്കൾ സംരക്ഷിക്കുവാൻ നടപടി.**

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള :

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൈതൃക സ്വത്തുക്കൾ അന്യം നിന്ന പോകാതെ സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ പൈതൃക സ്വത്തുക്കൾ അന്യം നിന്നു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972 ലെ ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയനുസരിച്ച് ആവശ്യാനുസരണം ചെയ്തു വരുന്നു. |
| (ബി) | തിരുവനന്തപുരത്തെ ആദ്യകാല വാനനിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കെട്ടിടം, അവശേഷിച്ചിട്ടുള്ള വഴിയമ്പലങ്ങൾ, ചരിത്ര ശേഷിപ്പുകൾ എന്നിവ ഏറ്റെടുക്കണമെന്നും, സംരക്ഷിക്കണമെന്നുമുള്ള ആവശ്യത്തിന്മേൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ; | (ബി) | വാന നിരീക്ഷണ കേന്ദ്രം കെട്ടിടം സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ചരിത്ര ശേഷിപ്പുകൾ, വഴിയമ്പലങ്ങൾ എന്നിവ പുരാവസ്തുവകുപ്പ് തലത്തിൽ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചു വരുന്നു. |
| (സി) | ഇവ നശിപ്പിക്കുവാൻ തൽപര കക്ഷികൾ ശ്രമം ആരംഭിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അടിയന്തിര നടപടി ഉണ്ടാകുമോ ? | (സി) | ഏതെങ്കിലും കക്ഷികൾ ഇവ നശിപ്പിക്കാൻ ശ്രമിക്കുന്ന പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, റവന്യൂ, പി. ഡബ്ല്യൂ. ഡി മുതലായ വകുപ്പുകളുടെയും ജന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരുടെയും സഹായ സഹകരണത്തോടു കൂടി ഇതിനെതിരെ നിയമപരവും പ്രായോഗികവുമായ അടിയന്തിര നടപടികൾ കൈക്കൊണ്ടുവരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ.